**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5283** **21-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വകാര്യ സർവകലാശാലയുടെ ഭാഗമാകുമ്പോൾ നിലവിൽ എൻട്രൻസ് കമ്മീഷണറുടെ മെറിറ്റ് അലോട്ട്മെന്റ് പ്രകാരം നടക്കുന്ന അഡ്മിഷനുകൾ അതേ അനുപാതത്തിൽ നിലനിർത്തുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നിയമനിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞ രീതിയിൽ സ്ഥാപിക്കുന്ന സർവകലാശാലകളുടെ ഭാഗമായി മാറുന്ന സ്വാശ്രയ കോളേജുകളിൽ ഫീസ് നിയന്ത്രിക്കുന്നതിന് സർക്കാരിന് ഏതെങ്കിലും രീതിയിൽ ഇടപെടൽ നടത്താൻ സാധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | സ്വകാര്യ സർവകലാശാലകളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് കർശനമായ വ്യവസ്ഥകളും നിബന്ധനകളുമാണ് സ്വകാര്യ സർവ്വകലാശാല ബില്ലിൽ പ്രതിപാദിക്കുന്നത്. ഇത്തരം വ്യവസ്ഥകൾക്കൊപ്പം തന്നെ സെക്ഷൻ 61 പ്രകാരം ഈ ബില്ലിലെ ഏതൊരു വിഷയത്തിലും ചട്ടങ്ങൾ നിർമിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കും. അതോടൊപ്പം തന്നെ സർക്കാരിന് സർവകലാശാലകൾക്ക് ഒരു റെഗുലേറ്ററി ബോഡി സ്ഥാപിക്കാനുള്ള അധികാരവുമുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥ പ്രസ്തുത ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ സർവകലാശാലകൾക്ക് മൾട്ടി ക്യാമ്പസുകൾ സ്ഥാപിക്കുവാൻ സാധിക്കുമോ; ഇത് യു.ജി.സി. റെഗുലേഷനു അനുസൃതമാണോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | മൾട്ടികാമ്പസുകൾ ആരംഭിക്കാനുള്ള വ്യവസ്ഥ ബില്ലിന്റെ കരടിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് ഭേദഗതി ചെയ്യുകയുണ്ടായി. 2003 -ലെ യു.ജി.സി റെഗുലേഷൻ അനുസരിച്ച് സർവകലാശാല ഒരു യൂണിറ്ററി സർവകലാശാല ആയിരിക്കണമെന്നാണ് നിഷ്കർഷിക്കുന്നത്. യൂണിറ്ററി സർവകലാശാല എന്നത് ഒരു കാമ്പസിനകത്തു മാത്രം പ്രവർത്തിക്കുക എന്നതിനപ്പുറം അഫിലിയേഷൻ രീതി അല്ലാത്ത |

| | | | |
|---|---|---|---|
| | | | രീതിയിൽ സർവകലാശാലയുടെ പ്രവർത്തനം നടത്തുക എന്നതു കൂടി അർത്ഥമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ